DESPATCHED
On.4/04/2022

31/3/22

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 66(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.1525/SIC-Gen4/2022**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 31**

ശ്രീ. ജോൺചാണ്ടി,
വട്ടക്കുന്നേൽ പുള്ളിക്കൽ,
ഏറക്കടവ്, കോട്ടയം – 686 001. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സബ് രജിസ്ട്രാർ,
   (കോട്ടയം അഡീഷണൽ),
   സബ് രജിസ്ട്രാറുടെ കാര്യാലയം,
   മുട്ടമ്പലം പി.ഒ., കോട്ടയം – 686 004.
2. അപ്പീൽ അധികാരി &
   ജില്ലാ രജിസ്ട്രാർ (ജനറൽ),
   ജില്ലാ രജിസ്ട്രാറുടെ കാര്യാലയം,
   കളക്ടറേറ്റ് പി.ഒ., കോട്ടയം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 23.2.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 1.7.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 12.7.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 9.8.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 21.9.2021, 24.1.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 24.1.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31.1.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 11.2.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 30.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

**ഉത്തരവ്**

ശ്രീ. ജോൺചാണ്ടി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട മേരിക്കുട്ടിയുടെ പേരിലുള്ള വിൽപ്പത്ര ആധാരത്തിന്റെ പകർപ്പ് ലഭിക്കുന്നതിനായി സബ് രജിസ്ട്രാറിൽ നിന്നും കേസ് നമ്പർ ശേഖരിച്ച് കോട്ടയം ജില്ലാ കോടതിയിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ

ഓഫീസർക്ക് നൽകുന്നതിന് ജില്ലാ രജിസ്ട്രാർ ജനറലിന് നിർദ്ദേശം നൽകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കോട്ടയം അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിലെ 423-ാം നമ്പർ തീരാധാര പ്രകാരം ഇട്ടിചെറിയാന്റെ മാതാവായ മേരിക്കുട്ടിക്കും വസ്തുവിൽ കൂട്ടവകാശം ഉണ്ടായിരുന്നു എന്നും മേരിക്കുട്ടി മരിച്ചു പോയതിനാൽ മേരിക്കുട്ടിയുടെ അവകാശം വിൽപ്പത്ര പ്രകാരം സർവ്വെ നമ്പർ 716/9/1-വിൽപ്പത്രം രജിസ്റ്റർ ചെയ്തതായി പറയുന്നു എന്നും അതുകൊണ്ട് അവിടത്തെ രജിസ്റ്റർ നോക്കി 1977 മുതൽ 1981 അവസാനം വരെയും 1977 ലെ 423 തീരാധാര രജിസ്റ്റർ നോക്കി ടി വിൽപ്പത്രത്തിന്റെ പകർപ്പ് നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 1.7.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, മേരിക്കുട്ടിയുടെ പേരിൽ വിൽപ്പത്രം രജിസ്റ്റർ ചെയ്തതായി കാണുന്നില്ലെന്നാണ്. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീലിന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, കോട്ടയം അഡീഷണൽ രജിസ്ട്രാർ ഓഫീസിൽ നൽകിയ അപേക്ഷയിൽ നിയമാനുസൃതമായ രീതിയിൽ ഫീസ് സ്വീകരിച്ച് വിൽപ്പത്രത്തിന്റെ പകർപ്പ് നൽകുവാൻ ടി ഓഫീസിൽ നിന്നും സബ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു എന്നും ആയതു പ്രകാരം കോട്ടയം അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിലെ 1.1.1977 മുതൽ 31.12.1981 വരെ കാലയളവിലെ വാല്യങ്ങൾ പരിശോധിച്ചതിൽ മേരിക്കുട്ടിയുടെ പേരിലുള്ള വിൽപ്പത്രം കാണാൻ കഴിഞ്ഞില്ലെന്നും 1977 ലെ 27-ാം നമ്പർ വാല്യം ബഹു.കോട്ടയം ജില്ലാ കോടതിയിൽ സമൻസ് നമ്പർ സി 382/1990 പ്രകാരം സമർപ്പിച്ചിട്ടുള്ളതിനാൽ ആയത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരവും ടി വാല്യം തിരികെ കിട്ടുന്നതിനായി 27.11.1999 ലും 5.2.2021 ലും ബഹു. കോടതിയിലേക്ക് കത്തയച്ചിട്ടുണ്ടെങ്കിലും നാളിതുവരെ വാല്യം തിരികെ ലഭിച്ചിട്ടില്ല എന്നും തിരികെ കിട്ടുന്ന മുറയ്ക്ക് ആയത് കൂടി പരിശോധിച്ച് വിൽപ്പത്രം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുള്ള വിവരവും കോട്ടയം അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിൽപ്പത്രം ഏത് സബ് രജിസ്ട്രാർ ഓഫീസിൽ വേണമെങ്കിലും രജിസ്റ്റർ ചെയ്യാൻ കഴിയുമെന്നിരിക്കെ കോട്ടയം അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിലെ 1977ലെ 27-ാം നമ്പർ വാല്യം കോട്ടയം ജില്ലാ കോടതിയിൽ നിന്നും തിരികെ ലഭിച്ച് ആയതിൽ നിന്നും ടി വിൽപ്പത്രം കണ്ടുകിട്ടാതിരിക്കുന്നപക്ഷം മറ്റ് സബ് രജിസ്ട്രാർ ഓഫീസുകളിൽ വിൽപ്പത്രത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 12.3.2021-ൽ നൽകിയ മറുപടിയിൽ തെരച്ചിൽ ഫീസ് ഒടുക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു എന്നും തുടർന്ന് ജില്ലാ രജിസ്ട്രാർ ഓഫീസിൽ നിന്നും നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിൽപ്പത്രം കണ്ടു പിടിക്കുന്ന- തിനായി ടി ഓഫീസിലെ 1.1.1997 മുതൽ 31.12.1981 വരെ വർഷങ്ങളിലെ രേഖകൾ പരിശോധിച്ചെന്നും എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ പറയുന്ന മേരിക്കുട്ടിയുടെ പേരിൽ വിൽപ്പത്രം രജിസ്റ്റർ ചെയ്തതായി കണ്ടെത്തുവാൻ കഴിഞ്ഞില്ല എന്ന വിവരവും കൂടാതെ ടി കാലഘട്ടത്തിലുള്ള 1977-ലെ 27-ാം വാല്യം കോട്ടയം ജില്ലാ കോടതിയിൽ സമർപ്പിച്ചിരിക്കുന്നതിനാൽ ടി വാല്യം പരിശോധിക്കുവാൻ സാധിച്ചിട്ടില്ലെന്ന വിവരവും ഹർജിക്കാരനെ അറിയിച്ചിരുന്നു എന്നും തുടർന്ന് ഹർജിക്കാരൻ നൽകിയ അപ്പീലിന്റെ അടിസ്ഥാനത്തിൽ ജില്ലാ രജിസ്ട്രാർ റിപ്പോർട്ട് ആവശ്യപ്പെടുകയും ആയതിന് മറുപടി നൽകിയിട്ടുള്ളതാണെന്നും അപ്പീൽ അധികാരിയായ ജില്ലാ രജിസ്ട്രാർ ഓഫീസിൽ നിന്നും ടി അപേക്ഷയുമായി ബന്ധപ്പെട്ട 1977-ലെ വാല്യം 27 ഏത് കോടതിയിലാണ് സമർപ്പിച്ചതെന്ന റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കുകയും ചെയ്തിരുന്നു എന്നും വീണ്ടും ഹർജിക്കാരൻ 17.8.2021-ൽ മേൽപ്പടി വാല്യവുമായി ബന്ധപ്പെട്ട അനുബന്ധ വിവരങ്ങൾ ആവശ്യപ്പെടുകയും ഇതുമായി ബന്ധപ്പെട്ട് ജില്ലാ രജിസ്ട്രാർ ഓഫീസിൽ ലഭ്യമായ അപേക്ഷ 7.9.2021-ൽ ടി ഓഫീസിൽ നൽകുകയും ആയതിന് 6.9.2021-ൽ വിവരങ്ങൾ ഹർജിക്കാരന് ലഭ്യമാക്കുകയും ചെയ്തിരുന്നു എന്നും 22.11.2021-ൽ ഹർജിക്കാരൻ വീണ്ടും വിൽപ്പത്രത്തിനു- വേണ്ടിയുള്ള തിരച്ചിലിനായി അപേക്ഷ സമർപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ ടിയാനോട് 550/- രൂപ തിരച്ചിൽ ഫീസ് അടയ്ക്കാൻ ആവശ്യപ്പെടുകയും തുടർന്ന് 18.12.2021-ൽ ഹർജിക്കാരൻ ഓഫീസിൽ എത്തി ഫീസ് അടക്കുകയും തിരച്ചിൽ നടത്തിയതിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിൽപ്പത്രങ്ങൾ ഒന്നുംതന്നെ എതിർകക്ഷി ഓഫീസിൽ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല എന്ന മറുപടി 6.1.2022-ൽ ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിൽപ്പത്രവുമായി ബന്ധപ്പെട്ട രേഖകൾ കണ്ടെത്തുന്നതിന് എതിർകക്ഷികൾ കഴിയാവുന്ന എല്ലാ ശ്രമങ്ങളും നടത്തിയിരുന്നുവെങ്കിലും ഹർജിക്കാരൻ ആവശ്യപ്പെട്ട മേരിക്കുട്ടിയുടെ പേരിൽ വിൽപ്പത്രം രജിസ്റ്റർ ചെയ്ത രേഖകൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലെന്ന് കാണുന്നു. മാത്രമല്ല കോട്ടയം ജില്ലാ കോടതിയിൽ സമർപ്പിച്ചതായി പറയുന്ന 1977-ലെ 27-ാം വാല്യം രജിസ്റ്റർ കോടതിയിൽ നിന്നും തിരികെ ലഭിച്ച് ആയത്

പരിശോധിച്ചതിന് ശേഷവും മേരിക്കുട്ടിയുടെ പേരിൽ വിൽപ്പത്രം രജിസ്റ്റർ ചെയ്തിട്ടുള്ളതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല എന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗ് വേളയിൽ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിലും എതിർകക്ഷിയുടെ ഭാഗത്ത് മനപൂർവ്വമോ ബോധപൂർവ്വമോ ആയ വീഴ്ച ഹർജിക്കാരന് വിവരം നൽകുന്നതിൽ സംഭവിച്ചതായി കാണുന്നില്ല. എന്നിരുന്നാലും ഹർജിക്കാരന്റെ ഇക്കാര്യത്തിലുള്ള ആക്ഷേപം ദൂരീകരിക്കുന്നതിനായി ടി രേഖകൾ നേരിട്ട് പരിശോധിക്കുന്നതിനും, അപ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമായാൽ ആയതിന്റെ പകർപ്പ് (സൗജന്യമായി പരമാവധി 5 പേജുകൾ വരെ) എടുക്കുന്നതിനും ഒന്നാം എതിർകക്ഷി ഹർജിക്കാരന് അനുമതി നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 31-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk